**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മുൻസിപ്പൽ കോമൺ സർവ്വീസ് - സെൻട്രൽ പെൻഷൻ ഫണ്ടിലെ TPA 701010200000064 അക്കൗണ്ടിൽ നിന്നും 28/03/2018 ലെ സ.ഉ(പി) നം .51/2018/ധന പ്രകാരം സർക്കാർ പിൻവലിച്ച 21,13,59,173/- രൂപ (ഇരുപത്തിയൊന്നു കോടി പതിമൂന്നു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്നു രൂപാ മാത്രം) 2217-80-001-91 (10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2352/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 03/09/2018

പരാമർശം :
1) 23/08/2018 തീയതിയിലെ സ.ഉ.(പി) നം.51/2018/ധന.
2) 03/04/2018 തീയതിയിലെ 25/2018/ധന നമ്പർ സർക്കുലർ.
3) നഗരകാര്യ ഡയറക്ടറുടെ 28/04/2018 തീയതിയിലെ പി6-18226/16 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 31/07/2018 തീയതിയിലെ ഡിസി2-17429/18 നമ്പർ കത്ത്.

**ഉത്തരവ്**

മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുമാണ് നഗരസഭകൾക്ക് അലോട്ട്മെന്റ് നൽകിവരുന്നതെന്നും, ഇതുമായി ബന്ധപ്പെട്ട അക്കൗണ്ട് ജില്ലാ ട്രഷറി, തിരുവനന്തപുരത്തുള്ള TPA 701010200000064 ആണെന്നും. കാലാകാലങ്ങളിലെ ശമ്പളപരിഷ്കരണം, ക്ഷാമബത്ത കുടിശ്ശിക, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ തുടങ്ങിയവയിലെ വൻവർദ്ധനവും അതിനു ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വർദ്ധിക്കാത്തതുകാരണം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ലഭിക്കേണ്ട തുകയേക്കാൾ ഏകദേശം നാലിരട്ടിയോളം പെൻഷൻ അലോട്ട്മെന്റിനത്തിൽ ചെലവു വരുന്നുവെന്നും. ഇക്കാരണത്താൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരിപ്പില്ലാതാകുകയും 31/03/2017 വരെ നഗരസഭകൾക്ക് അലോട്ട്മെന്റിനത്തിൽ 315.48 കോടി രൂപ കുടിശ്ശികയായെന്നും, വിരമിച്ച പല ജീവനക്കാരും പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ബഹു.കോടതിയെ സമീപിക്കേണ്ട സാഹചര്യം സംജാതമായെന്നും, ഇക്കാരണങ്ങളാൽ കാലാകാലങ്ങളിൽ സർക്കാരിനെ അറിയിക്കുകയും അപ്രകാരം 2017-18 ബഡ്ജറ്റിൽ അഡീഷണൽ ആതറൈസേഷൻ ആയി 50 കോടി രൂപയും എസ്.ഡി.ജി ഫസ്റ്റ് ബാച്ച് മെയ് 2017 ആയി 50 കോടി രൂപയുമടക്കം ആകെ 100 കോടി രൂപ അനുവദിക്കുകയുണ്ടായെന്നും, ടി തുക നഗരസഭകൾക്ക് അലോട്ട്മെന്റിനത്തിൽ നൽകുവാനുള്ള തുകയുടെ 30 ശതമാനം വീതം കണക്കാക്കി അലോട്ട്മെന്റിനത്തിൽ വിതരണം ചെയ്തുവെന്നും, 31/03/2017 വരെ അലോട്ട്മെന്റിനത്തിൽ നഗരസഭകൾക്ക് നൽകുവാനുള്ള 315.48 കോടി രൂപയിൽ നിന്നും അലോട്ട്മെന്റിനത്തിൽ നൽകിയ 96,39,76,879/- രൂപ കുറച്ച് ബാക്കി തുകയായ 219 കോടി രൂപ അടക്കം 31/03/2018 വരെ ആകെ 345,81,08,473/- രൂപ പെൻഷൻ അലോട്ട്മെന്റിനത്തിൽ നഗരസഭകൾക്ക് നൽകാനുണ്ടെന്നും, ഈ സാഹചര്യം

കണക്കിലെടുത്ത് പരാമർശം (1) പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിലെ TPA 70101020000064 അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 21,13,59,173/- രൂപ (ഇരുപത്തിയൊന്നു കോടി പതിമൂന്നുലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്നു രൂപാ മാത്രം) അധികധനസമാഹരണം മുഖേന അനുവദിക്കണമെന്നും, 2018-19 സാമ്പത്തിക ബഡ്ജറ്റിൽ മുൻസിപ്പൽ കോമൺ സർവ്വീസിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഫണ്ട് അനുവദിക്കേണ്ട 2217-80-001-91 (10) എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതാണെന്നും പരാമർശം (3), (4) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് ചെയ്തു.

2) മേൽ സാഹചര്യത്തിൽ, മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പെൻഷൻ പദ്ധതിയായ സെൻട്രൽ പെൻഷൻ ഫണ്ടിലെ TPA 70101020000064 അക്കൗണ്ടിൽ നിന്നും പരാമർശം (1) പ്രകാരം സർക്കാർ പിൻവലിച്ച 21,13,59,173/- രൂപ (ഇരുപത്തിയൊന്നു കോടി പതിമൂന്നു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്നു രൂപാ മാത്രം) "2217-80-001-91 (10) CONTRIBUTION TO THE MUNICIPAL COMMON SERVICE CENTRAL PENSION FUND" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) & (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡവലപ്പ്മെന്റ് വിഭാഗം) വകുപ്പ്
(vide U.O No. 846362/DEV-2/145/2018-FIN dated 21/08/2018 ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ